*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായി വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 33C

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

# ‘‘താങ്കൾക്ക് യാത്ര ചെയ്യാനാവില്ല’’

**ജൂൺ 1, 2022**

ഓം ശ്രീ സായിരാം! പ്രശാന്തിസന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ശരി, ഇത് സംഭവിക്കുന്നത് 1991-നടുത്താണ്. ഭഗവാന്റെ അനുഗ്രഹത്തോടെ, എനിക്ക് മൂന്ന് പ്രധാന രാജ്യങ്ങൾ സന്ദർശിക്കാനായി-മിഡിൽ ഈസ്റ്റ് ജപ്പാൻ, ഹോങ് കോങ്, പിന്നെ തായ്‌ലാന്റ്. ശരി, ഞാൻ ട്രിപ്പിനായി തയ്യാറെടുത്തു; സ്വാമി പെട്ടെന്നൊരു ദിവസം എന്നെ ബാംഗ്ലൂരിൽ, ബൃന്ദാവനിൽവച്ച് വിളിപ്പിച്ചു. ‘‘നീ ജപ്പാനിലേക്ക് പോവുകയാണ്; ഞാൻ നിന്നെ അങ്ങോട്ടയയ്ക്കുകയാണ്!’’, ഇതാണ് സ്വാമി പറഞ്ഞത്.

‘‘സ്വാമീ, താങ്ക് യൂ! എല്ലാം അവിടുത്തെ കൃപ.’’

എന്നിട്ട് ഏതാനും ദിവസങ്ങൾ കഴിഞ്ഞിട്ട് അവിടുന്ന് പറഞ്ഞു, ‘‘നിനക്ക് നിന്റെ വിസ ഇന്ന് കിട്ടും.’’

ഞാൻ വിസയ്ക്കായി അപേക്ഷിച്ചിരുന്നു എന്നത് നേരാണ്, എന്നാൽ അത് ഇത്ര വേഗം വരുമെന്ന് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല, പ്രത്യേകിച്ചും അതുപോലെയൊരു ഞായറാഴ്ച ദിവസം.

ഞാൻ പറഞ്ഞു, ‘‘സ്വാമീ! ഇന്ന് ഞായറാഴ്ചയാണ്.’’

‘‘നിനക്കത് ഇന്നു കിട്ടും!’’ അവിടുന്ന് പറഞ്ഞു.

കൃത്യമായി അതേ ദിവസം, എനിക്ക് ആ രാജ്യങ്ങൾ സന്ദർശിക്കുന്നതിനായുള്ള വിസ ലഭിച്ചു. ഞാനവ പരിശോധിച്ചില്ല, എല്ലാ വിസാ സ്റ്റാമ്പുകളും പതിച്ചിട്ടുണ്ടോ, സ്റ്റാമ്പിംഗ് ഉണ്ടോ ഇല്ലയോ എന്നൊന്നും നോക്കിയില്ല. ഞാൻ പരിശോധിച്ചില്ല. ഒ.കെ! പുറപ്പെടേണ്ട ദിവസം കാത്തിരിക്കുകയായിരുന്നു ഞാൻ, ഫ്ളൈറ്റ് ടിക്കറ്റുകൾ സ്വാമിതന്നെ എനിക്ക് തന്നിരുന്നു, ഞാൻ പോവാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

അന്നു കാലത്ത് പ്രഭാതഭക്ഷണത്തിനായി ഡൈനിംഗ്ടേബിളിൽ സ്വാമിക്കൊപ്പം ഞാനും ചേരണമെന്ന് സ്വാമി എന്നോട് നിർദ്ദേശിക്കുകയുണ്ടായി. അവിടുന്ന് എന്നോട് പറഞ്ഞു കൊണ്ടിരുന്നു, ''നീ അതു കഴിക്ക്, നീ ഇതു കഴിക്ക്, നിനക്ക് ഇതൊന്നും അവിടെ കിട്ടി ല്ല.'' ഒരു അമ്മയെപ്പോലെ, അച്ഛനെപ്പോലെ! എനിക്ക് വളരെ, വളരെ സന്തോഷമായി, ഭഗ വാനോട് നന്ദി തോന്നി. എന്നിട്ട് അവിടുന്ന് എന്റെ ഭാര്യയെ വിളിച്ചു, ഞങ്ങളുടെ കൂടെ നിന്ന് ഫോട്ടോ എടുത്തു. എന്നിട്ട് സ്വാമി പറഞ്ഞു, ''ഇനി നീ എയർപോർട്ടിലേക്ക് പൊയ്ക്കൊള്ളൂ.''

ഭഗവാൻ ഒരു വി.ഐ.പി.യെ വിളിച്ചിട്ട് എന്നെ എയർപോർട്ടിലേക്ക് കൊണ്ടുപോകുന്ന തിന് ആവശ്യപ്പെട്ടു. അദ്ദേഹം എന്നെ എയർപോർട്ടിലേക്ക്, ബാംഗ്ലൂർ എയർപോർട്ടിലേക്ക് കൊണ്ടുപോയി, എന്നാൽ ഏറ്റവും നിർഭാഗ്യകരമായി, ഈ ഒരു ഇന്ത്യൻ എയർലൈൻസ് വിമാനം ലേറ്റായിരുന്നു. സമയത്ത് അവിടെ എത്തിച്ചേരുമോ ഇല്ലയോ എന്നു ചിന്തിച്ച് ഞാൻ വളരെ വളരെ അധീരനായി. എന്തുകൊണ്ടെന്നുവച്ചാൽ, ഈ ഇന്ത്യൻ എയർലൈൻസിൽ എനിക്ക് ബാംഗ്ലൂരിൽനിന്ന് ബോംബെക്ക് പോവണം, അവിടെനിന്ന് എനിക്ക് അടുത്ത വിമാനം പിടിക്കണം-ഇന്റർനാഷണൽ ഫ്ളൈറ്റ്-ജപ്പാനിലേക്കുള്ള എയർ ഇന്ത്യ. ഈ വിമാനം വൈകിയിട്ടാണ് ബോംബെക്ക് ഞാൻ പോവുന്നതെങ്കിൽ, എനിക്ക് ആ വിമാനം കിട്ടിയേക്കില്ല. അതുകൊണ്ടാണ് ഞാൻ വളരെ ആധിപ്പെട്ടത്.

നിസ്സഹായനായി ഞാൻ ബാംഗ്ലൂർ എയർപോർട്ടിൽ ഇരുന്നു. പക്ഷേ എങ്ങനെയോ സ്വാമി യുടെ കൃപകൊണ്ട്, ഇന്ത്യൻ എയർലൈൻസ് വിമാനം എന്നെയും കൊണ്ട് ബോംബെക്ക് പറന്നു. ഞാൻ അവിടെ ചെന്നു. പെട്ടെന്നുതന്നെ ഞാൻ എന്റെ ലഗ്ഗേജ് അയച്ചു, ഞാനത് നേരത്തേതന്നെ അയച്ചുകഴിഞ്ഞിരുന്നു, ഇത് കാരേജ് ബാഗ്, എന്നിട്ട് എനിക്കിനി വിമാന ത്തിൽ കയറണം. നേരമില്ലായിരുന്നു. എന്തു ചെയ്യും? ഏതായാലും ശരി, എനിക്ക് ആ നിമിഷം ഭയങ്കര ടെൻഷനായിരുന്നു, ഫ്ളൈറ്റ് പിടിക്കാൻ എനിക്ക് സാധിക്കുമോ ഇല്ലയോ എന്ന്! എന്നാൽ, പെട്ടെന്ന് ഒരു അനൗൺസ്മെന്റ് ഉണ്ടായി, ''അവസാന കാൾ, അവസാന കാൾ, അവസാന കാൾ- എയർ ഇന്ത്യ ബോംബെ ടു ടോക്കിയോ!'' അപ്പോൾ ഞാനെന്റെ

സ്യൂട്ട്കേസ്, ബ്രീഫ്കേസ് എടുത്തു, അക്ഷരാർത്ഥത്തിൽ ഗേറ്റിലേക്ക് ഓടി, അവസാനം എയർക്രാഫ്ടിനകത്ത് കയറിപ്പറ്റി.

എന്നെ വിശ്വസിച്ചാലും, ഞാൻ അകത്ത് കയറിയ ആ നിമിഷം, വാതിലുകൾ അടഞ്ഞു, വിമാനം നീങ്ങിത്തുടങ്ങി. എയർ ഇന്ത്യ നഷ്ടമാവാത്ത തരത്തിൽ സ്വാമി എന്നെ എപ്ര കാരമാണ് ആ സ്ഥലത്തേക്ക് കൊണ്ടുപോയത് എന്നതിന് ഇതാണ് തെളിവ്. ഏറ്റവും പ്രധാന കാര്യം ഇതാണ്! ഇതേ സമയത്ത്, ബൃന്ദാവനിൽ, സ്വാമി വിദ്യാർത്ഥികളോടും മറ്റുള്ളവരോടും പറയുകയായിരുന്നു, ''നിങ്ങ ളുടെ പ്രിൻസിപ്പാളുണ്ടല്ലോ, അനിൽകുമാർ, ഇപ്പോൾ ബോംബെയിലാണ്. വിമാനം കിട്ടുമോ ഇല്ലയോ എന്നോർത്ത് അവൻ വള രെയധികം ആധി പിടിച്ചിരിക്കുകയാണ്, എന്തുകൊണ്ടെന്നാൽ ആഭ്യന്തരവിമാനം വൈകി യിരുന്നു, പക്ഷേ ആ എയർ ഇന്ത്യാ വിമാനം അവനുവേണ്ടി കാക്കുന്നതിന് ഞാൻ വൈകിപ്പിച്ചിട്ടുണ്ട്. അത് ഷെഡ്യൂൾ പ്രകാരം ടേക്ക് ഓഫ് ചെയ്തില്ല. അനിൽകുമാറിനെ ക്കൂടി കൊണ്ടുപോകുന്നതിനായി അത് 5 മിനിട്ട് വൈകിപ്പിച്ചിട്ടുണ്ട്! 'നീ പോകൂ' എന്ന് ഞാൻ പറഞ്ഞാൽ ഒരുവൻ പോവും! അതിന് മറ്റ് പോംവഴികളില്ല. ഞാൻ പറഞ്ഞാൽ, അത് സംഭവിച്ചിരിക്കും!''




അതിശയകരമായിരുന്നത്, സ്വാമി എന്നെ ടോക്കിയോയിലേക്ക് കൊണ്ടുപോകുന്നതിലേ ക്കായി ആ ഇന്റർനാഷണൽ വിമാനം 5 മിനിട്ട് വൈകിപ്പിച്ചത്. ഇത് ഞാൻ ജീവിതത്തിൽ ഒരുകാലത്തും മറക്കില്ല. ഭഗവാൻ വിമാനം വൈകിപ്പിച്ചതും ഇവിടെ ബൃന്ദാവനിൽ, സ്വാമി വിദ്യാർത്ഥികളോട് അതെപ്പറ്റി പരാമർശിച്ചതും, ഇതിലധികം എന്തു തെളിവാണ് വേണ്ടത്! സ്വാമിതന്നെയാണ് ഇത് പറഞ്ഞത്.

ഇനി, അടുത്ത കാര്യവും വളരെ രസകരമാണ്, എന്റെ തായ്‌ലന്റ് യാത്ര. ഞാൻ എന്റെ പാസ്പോർട്ട് പരിശോധിച്ചില്ല, വിസ സ്റ്റാമ്പ് ചെയ്തോ ഇല്ലയോ എന്നൊന്നും. ഞാൻ തായ്‌ലന്റിലെ ബാങ്കോക്കിൽ ഇറങ്ങി, അവിടെ ഇമിഗ്രേഷൻ കൗണ്ടറിൽ, അവരെന്റെ പാസ്പോർട്ട് പരിശോധിച്ചിട്ട് പറഞ്ഞു, ''താങ്കൾക്ക് തായ്‌ലന്റിൽ പ്രവേശിക്കുന്നതിനും സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും വിസ കിട്ടിയിട്ടില്ല. താങ്കൾക്ക് ഇവിടെ വിസയില്ല. താങ്കൾ തിരികെ പോവേണ്ടിവന്നേക്കും!'' ഞാൻ എന്തു ചെയ്യാനാണ്? ഞാൻ വളരെ അധീരനായി, വളരെ അധീരനായി, ടെൻഷനടിച്ച്!

ആ നിമിഷം, തായ്‌ലന്റിൽനിന്നുള്ള ഒരു മനുഷ്യൻ, സായിവൃത്തങ്ങളിൽ ഏറെ പ്രസിദ്ധ നായ ഒരാൾ എന്റെ അടുത്തേക്ക് വന്നിട്ട് പറഞ്ഞു, ‟താങ്കൾ അനിൽകുമാറാണ്, എനിക്ക



തായ്‌ലന്റിലെ ബാങ്കോക്ക്

റിയാം! എന്റെയൊപ്പം വന്നാലും,'' അദ്ദേഹം പറഞ്ഞു. അപ്പോൾ എനിക്ക് തിരിച്ചറിയാനാ യി, അദ്ദേഹം തായ്‌ലന്റിൽ, ബാങ്കോക്കിൽ നിന്നുള്ള ജുംസായി അല്ലാതെ മറ്റാരുമല്ല.



ഡോ. ജുംസായി ഭഗവാനൊപ്പം

ജുംസായി സായിവൃത്തങ്ങളിൽ വളരെ അറിയപ്പെ ടുന്നയാളാണ്, അദ്ദേഹം ബാങ്കോക്കിൽ സ്കൂളു കൾ സ്ഥാപിച്ചയാളാണ്, അദ്ദേഹം നിരവധി പേരെ, ധാരാളം അധ്യാപകരെ 'മാനവമൂല്യ വിദ്യാഭ്യാസ'(Education in Human Values)ത്തിൽ പരിശീലിപ്പിച്ച ആളാണ്. അദ്ദേഹം ധാരാളം പുസ്തകങ്ങൾ രചിച്ചിട്ടുള്ള ആളാണ്. അദ്ദേഹം എന്നോട് കൂടെ ചെല്ലുന്നതിന് ആവശ്യപ്പെട്ടു.

ഞാൻ പറഞ്ഞു, ‟എനിക്ക് വിസയില്ല, സർ! ഞാൻ എന്തു ചെയ്യും?''

‟താങ്കൾ എനിക്കൊപ്പം വരൂ!''

ആ സമയത്ത് അദ്ദേഹം അവിടെ പാർലമെന്റംഗം ആണ്. ഞാൻ അദ്ദേഹത്തിനൊപ്പം പോയി. അദ്ദേഹം എന്നെ അവിടെയൊരു മുറിയിലേക്ക് കൊണ്ടുപോയി, അവിടെ അവർ എന്റെ ഫോട്ടോ എടുത്തു, ഉടനടി, ഉടനടി വിസ തന്നു!

അപ്പോൾ ഞാൻ അദ്ദേഹത്തോട് തിരക്കി, ''സർ, താങ്കൾ എങ്ങനെയാണ് എയർപോർട്ടിൽ വരാനിടയായത്? ഇമിഗ്രേഷൻ കൗണ്ടറിലുള്ളവർ എനിക്ക് വിസയില്ലെന്നും തിരികെ പോവേണ്ടിവരുമെന്നും അറിയിച്ചപ്പോൾത്തന്നെ, എങ്ങനെയാണ് എനിക്ക് താങ്കളെ അവിടെ കാണാൻ സാധിച്ചത്?''

അദ്ദേഹം പറഞ്ഞു, ''ഞാനിവിടെ മറ്റൊരാളെ സ്വീകരിക്കുന്നതിനായി വന്നതാണ്. എന്നാൽ താങ്കളിവിടെ ക്യൂവിൽ നിൽക്കുന്നത് ഞാൻ കണ്ടു. എനിക്ക് താങ്കളെ തിരിച്ചറിയുന്നതിന് കഴിഞ്ഞു. ധാരാളം പേർക്ക് താങ്കളെ അറിയാം, എന്തുകൊണ്ടെന്നാൽ സ്വാമിയുടെ ദിവ്യപ്രഭാഷണങ്ങളുടെ പരിഭാഷകനാണ് താങ്കൾ.''

ഇപ്രകാരമാണ് കൗണ്ടറിൽനിന്ന് അപ്പോൾ തന്ന വിസയുമായിമാത്രം തായ്‌ലന്റിൽ പ്രവേശിക്കാനുള്ള അനുഭവം എനിക്ക് സ്വാമി തന്നത്. ആ കുഴപ്പിക്കുന്ന സാഹചര്യത്തിൽനിന്ന് എന്നെ രക്ഷിക്കുന്നതിനായി ഭഗവാൻ ജുംസായിയെ എങ്ങനെയാണ് അവിടേക്കയച്ചത്! ഒരു കാലത്തും ഇത് മറക്കാൻ എനിക്ക് കഴിയില്ല. അത് അത്രയ്ക്ക് അതിശയമായിരുന്നു!

ഏതാനും കൊല്ലങ്ങൾക്കുശേഷം ഞാൻ രണ്ടാം വട്ടം തായ്‌ലന്റ് സന്ദർശിക്കുമ്പോളും ഇതേ കാര്യം സംഭവിച്ചു. ശരി, ഞാൻ പോയി; ഞാനെന്റെ ലഗ്ഗേജ് അയച്ചു- ചെക്ക് ഇൻ ബാഗേജ്-എന്നിട്ട് ഇമിഗ്രേഷൻ കൗണ്ടറിൽ ചെന്നു, ഇവിടെ ഇന്ത്യയിലാണ്, ബാംഗ്ലൂർ എയർപോർട്ടിൽ.

അദ്ദേഹം എന്റെ പാസ്പോർട്ട് പരിശോധിച്ചിട്ട് ചോദിച്ചു, ''താങ്കൾ ഹുസൈൻ ആണോ?''

''അല്ല, സർ. ഞാൻ അനിൽകുമാർ ആണ്. ഞാൻ ഹുസൈൻ അല്ല!''

അപ്പോൾ ആ ഇമിഗ്രേഷൻ ഓഫീസർ പറഞ്ഞു, ''ഇവിടെ പാസ്പോർട്ടിൽ നിങ്ങളുടെ പാസ്പോർട്ട് നമ്പർ ഉണ്ടാവും, പാസ്പോർട്ടിലെ രണ്ട് പേജുകളിൽ-ഒന്ന്, ആദ്യ പേജിൽ, അടുത്തത് അവസാന പേജിൽ. പാസ്പോർട്ടിലെ അവസാനം കുത്തുകളുള്ള ഭാഗത്തും നിങ്ങളുടെ നമ്പർ, പാസ്പോർട്ട് നമ്പർ അടയാളപ്പെടുത്തിയിട്ടുണ്ടാവും.''

ആ ഓഫീസർ പറഞ്ഞു, ''മി. അനിൽകുമാർ, താങ്കളുടെ നമ്പർ, ഒന്നാം പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന പാസ്പോർട്ട് നമ്പർ ഒ.കെ.യാണ്. പക്ഷേ അവസാന പേജിൽ, കുത്തുകളുള്ള ഭാഗത്ത് അതേ നമ്പരല്ല കൊടുത്തിട്ടുള്ളത്. അത് ഹുസൈൻ എന്ന് പേരുള്ള ഒരു വ്യക്തിയുടേതാണ്. അതുകൊണ്ട്, താങ്കൾക്ക് യാത്ര ചെയ്യാൻ പറ്റില്ല!''

അപ്പോൾ ഞാൻ പറഞ്ഞു, ‘‘സർ, എന്റെ ലഗ്ഗേജ് മുമ്പുതന്നെ അയച്ചുകഴിഞ്ഞു. ഞാനെന്താണ് ചെയ്യേണ്ടത്?’’

‘‘ഒരു പ്രശ്നവുമില്ല, ഞങ്ങളത് തിരിച്ചു തരാം! താങ്കൾക്ക് പോവാം! വീട്ടിൽ പോവുക, അത്ര മാത്രം! താങ്കൾക്ക് യാത്ര ചെയ്യാനാവില്ല, എന്തുകൊണ്ടെന്നാൽ ഇത് മറ്റൊരു മാന്യന്റേതാണ്. ഇത് താങ്കളുടേതല്ല; എന്തുകൊണ്ടെന്നാൽ ആദ്യ പേജിലെ നമ്പരും അവസാന പേജിലെ നമ്പരും തമ്മിൽ പൊരുത്തപ്പെടുന്നില്ല!’’

ഞാനെന്തു ചെയ്യും? അപ്പോൾ ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചു, ‘‘സർ! ഇന്നു വൈകുന്നേരം, എനിക്കവിടെ ഒരു പൊതുസമ്മേളനമുണ്ട്. ഞാനാണ് സംസാരിക്കേണ്ടത്. പ്ലീസ്, പ്ലീസ്..!’’

‘‘അരേ, താങ്കൾക്ക് എങ്ങനെ പോകാനാവും? പാസ്പോർട്ട് നമ്പർ വ്യക്തമല്ലാത്തപ്പോൾ, എനിക്ക് താങ്കളെ എങ്ങനെയാണ് പോകാനായി അനുവദിക്കാനാവുക?’’

‘‘സർ, താങ്കൾ എന്നെ പോകാൻ അനുവദിച്ചുവെന്നിരിക്കട്ടെ, അങ്ങേയറ്റം എന്താണ് സംഭവിക്കുക?’’



അദ്ദേഹം പറഞ്ഞു, ‘‘താങ്കൾ തിരികെ അയയ്ക്കപ്പെടും. താങ്കൾക്ക് തിരിച്ചുപോരേണ്ടിവരും, അത്ര മാത്രം. അവിടെയായാലും താങ്കൾക്ക് ഈ സാഹചര്യം ഒഴിവാക്കാനാവില്ല.’’

അപ്പോൾ ഞാൻ അദ്ദേഹത്തോട് ആവർത്തിച്ച് അപേക്ഷിച്ചു, ‘‘സർ! ഇവിടെ, ബാംഗ്ലൂരിൽനിന്ന് തായ്‌ലന്റിലേക്ക് ഒരു ഫോൺ കാൾ ചെയ്യാൻ താങ്കൾ എന്നെ അനുവദിക്കുമോ? ചുരുങ്ങിയത് അതെങ്കിലും, സർ. ഈ സാഹചര്യത്തിൽനിന്ന് രക്ഷപ്പെടുന്നതിനായി, എന്തുകൊണ്ടെന്നാൽ എനിക്കവിടെ ഒരു പബ്ലിക് മീറ്റിംഗ്, ഒരു വലിയ സമ്മേളനത്തെ അഭിസംബോധന ചെയ്യേണ്ടതായിട്ടുണ്ട്!’’

അദ്ദേഹം പറഞ്ഞു, ‘‘ഇത് ഔദ്യോഗിക ഫോണാണ്, താങ്കൾക്കത് പറ്റില്ല!’’

‘‘സർ, സർ! പ്ലീസ്, പ്ലീസ്! ഞാൻ ബിസിനസ് ട്രിപ്പൊന്നും നടത്തുകയല്ല. ഇത് ശരിക്കും ആദ്ധ്യാത്മികമാണ്. ബാബ എന്നെ അവിടേക്ക് അയച്ചിരിക്കുകയാണ്, അവിടെ പോകുന്നതിന് ബാബ എന്നെ അനുവദിച്ചിരിക്കുകയാണ്. സർ, പ്ലീസ്?’’

അപ്പോൾ അദ്ദേഹം പറഞ്ഞു, ‘‘ഒ.കെ!’’

അപ്പോൾ ബാങ്കോക്ക് സായി സെന്റർ പ്രസിഡണ്ടായ മനുഷ്കുമാർ സിങ്ങിനെ ബന്ധപ്പെട്ടു. അദ്ദേഹം ഫോണെടുത്തിട്ട് പറഞ്ഞു, ''ദയവായി ഈ റിസീവർ ഇമിഗ്രേഷൻ ഓഫീസർക്ക് കൊടുക്കൂ.'' അദ്ദേഹം ഇമിഗ്രേഷൻ ഓഫീസറോട് സംസാരിച്ചു, ''സർ! ദയവായി അദ്ദേഹത്തെ അയയ്ക്കണം. ഇവിടെ അദ്ദേഹത്തിന്റെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം!''

അപ്പോൾ ആ മാന്യൻ എന്നെ പോകാനനുവദിച്ചു. ഞാൻ വിമാനത്തിൽ കയറി, ബോങ്കോക്കിലെത്തി. ഞാനവിടെ എത്തിയെങ്കിലും എന്റെ ഹൃദയമിടിപ്പ് ദ്രുതഗതിയിലായി, രക്തസമ്മർദ്ദം കൂടി, കാരണം എന്നോട് തിരികെ പോവാൻ ആവശ്യപ്പെട്ടേക്കാം. പരിഭ്രമത്തോടെ, മടിച്ചു മടിച്ച്, നിറയെ ടെൻഷനുമായി ഞാൻ ഇമിഗ്രേഷൻ കൗണ്ടറിനു മുമ്പിലെ ക്യൂവിൽ



നിന്നു, അവിടെ ജനാലയ്ക്കരികിലേക്ക് വരുമ്പോൾ, എന്നെ വിശ്വസിച്ചാലും ഇല്ലെങ്കിലും, ഒരു മാന്യൻ അവിടെയെത്തി, അദ്ദേഹം നീല സ്യൂട്ടാണിട്ടിരിക്കുന്നത്. അദ്ദേഹം ഐക്യരാഷ്ട്ര സംഘടനയുടെ തായ്ലന്റ്, ബാങ്കോക്ക് ഓഫീസിലാണ് ജോലി നോക്കുന്നത്, പേര് മണി എന്നാണ്. അദ്ദേഹം എന്നെ അവിടെ കണ്ടിട്ട് എന്റെ സമീപത്തു വന്ന് ചോദിച്ചു, ''താങ്കൾ അനിൽകുമാറാണോ?''

''അതെ, സർ!''

''ഉവ്വ്, അങ്ങാണ് ഇന്നു വൈകിട്ട് ഞങ്ങളെ അഭിസംബോധന ചെയ്യുന്നത്. ഞങ്ങൾക്കറിയാം! അങ്ങെന്താണ് ഇത്രമാത്രം പരിഭ്രമിച്ചു കാണപ്പെടുന്നത്?''

''സർ, ഇതാണ് പ്രശ്നം. പാസ്പോർട്ടിലെ ആദ്യ പേജിലെ നമ്പരും അവസാന പേജിലെ നമ്പരും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇപ്പോൾ, ഇമിഗ്രേഷൻ കൗണ്ടറിൽ എന്താവും സംഭവിക്കാൻ പോവുന്നത്, അതോർത്താണ് എനിക്ക് പരിഭ്രമം! ഈ വിഷയം സെന്റർ പ്രസിഡണ്ടായ മനുഷ്കുമാർ സിങ്ങിനോട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്, അദ്ദേഹം ഒ.കെ പറഞ്ഞിരിക്കുകയാണ്; എനിക്ക് ഇവിടെ എത്താനായി, എന്നാൽ ഇവിടെനിന്ന് എങ്ങനെ പുറത്തുപോകും?''

അദ്ദേഹം പറഞ്ഞു, ''ഞാൻ യു.എൻ.ഒ. ഓഫീസിലെ ഒരംഗമാണ്. ദയവായി എനിക്കൊപ്പം വരൂ. ആരുംതന്നെ താങ്കളോട് ചോദിക്കില്ല!''

ഞാൻ വെറുതെ അദ്ദേഹത്തെ അനുഗമിച്ചു, യാതൊരു പ്രശ്നവുമുണ്ടായില്ല. സ്വാമി എങ്ങനെയാണ് ഈ മാന്യവ്യക്തികളെ അതിശയകരമായി, അതിശയകരമായി അയച്ചതെന്നുള്ളത് ഒരു തെളിവാണ്-ആദ്യത്തെ തായ്‌ലന്റ് ട്രിപ്പിന് ജുംസായി, രണ്ടാമത്തെ ട്രിപ്പിന് അവിടുന്ന് യു.എൻ.ഒ. ഓഫീസിലെ മണിയെയാണ് അയച്ചത്. തായ്‌ലന്റ് സന്ദർശിക്കുന്നതിനും അവിടെ നിരവധി പൊതു സമ്മേളനങ്ങളിൽ സംസാരിക്കുന്നതിനും ഈ ആളുകൾ എന്നെ സഹായിച്ചു.

സായിരാം! നിങ്ങൾക്ക് നന്ദി.

നമുക്ക് വീണ്ടും കാണാം.

(തുടരും)



**പ്രൊഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)